പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ. 357          14/10/2011 ൽ മറുപടിയ്ക്ക്

## വയോമിത്രം പദ്ധതി

ചോദ്യം          ഉത്തരം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :          ഡോ. എം.കെ. മുനീർ:

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും വയോജനങ്ങൾക്കു ആരോഗ്യപരിരക്ഷ നൽകുന്നതിനും ജീവിതം സുഗമമാക്കുന്നതിനുമായി ആവിഷ്ക്കരിച്ച 'വയോമിത്രം' പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാനുദ്ദേശിക്കു ന്നത് ; | (എ) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലുമുള്ള കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുള്ള 'വയോമിത്രം' പ്രോജക്ടുകൾ വഴി പട്ടണപ്രദേശങ്ങളിൽ താമസിക്കുന്ന വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. ആംബുലൻസ്, ഹെൽപ്പ് ഡെസ്ക്ക്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് എന്നിവയുടെ സേവനത്തിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. |
| (ബി) ഇതിനുവേണ്ടി പ്രത്യേകം ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നുണ്ടോ; | (ബി) നിയമിക്കുന്നുണ്ട് |
| (സി) എങ്കിൽ എല്ലായിടങ്ങളിലും നിയമനം പൂർത്തിയായോ; നിയമനം ഇനിയും പൂർത്തിയാകാത്തയിടങ്ങളിൽ എന്ത് തുടർനടപടികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) നിയമനം പൂർത്തിയായ ജില്ലകൾ ചുവടെ പറയുന്നു<br>1. കൊല്ലം<br>2. വയനാട്<br>3. പാലക്കാട്<br>മറ്റു ജില്ലകളിൽ നിയമനം പൂർത്തിയാക്കുന്നതിന് എൻ.ആർ.എച്ച് .എം ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാർ മുഖേന അപേക്ഷകൾ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ